## പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3355 — 19.10.2016 ന് മറുപടിയ്ക്ക്.

### ഇക്കോ ടൂറിസത്തിന് പ്രോത്സാഹനം

**ചോദ്യം**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ.അടൂർ പ്രകാശ്
ശ്രീ.എൽദോസ് കുന്നപ്പിള്ളി
ശ്രീ.കെ.എസ്.ശബരീനാഥൻ

**ഉത്തരം**

അഡ്വ. കെ.രാജു
(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി)

(എ) ഇക്കോ ടൂറിസത്തിന് പ്രാധാന്യം നൽകുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എ) വനാശ്രിത ജനസമൂഹത്തിന്റെ പങ്കാളിത്തത്തോടെയാണ് അതാത് വനം ഡിവിഷനുകളിൽ ഇക്കോ ടൂറിസം നടപ്പിലാക്കി വരുന്നത്. പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും, പരിസ്ഥിതി സംരക്ഷണത്തിനും ഊന്നൽ നൽകിയും, നിലവിലെ നിയമങ്ങൾക്ക് അനുസൃതമായുമാണ് കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്.

(ബി) ഇക്കോ ടൂറിസം മാതൃകകൾ പ്രോത്സാഹിപ്പിക്കുന്നത് സംബന്ധിച്ച് എന്തെല്ലാം നിബന്ധനകളാണ് കരട് ദേശീയ വനനയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) പ്രകൃതി സംരക്ഷണത്തിന് ഊന്നൽ നൽകുന്നതും. വന്യജീവികളുടെ ആവാസ വ്യവസ്ഥയെ ദോഷകരമായി ബാധിക്കാത്തതും, പ്രാദേശിക സമൂഹങ്ങൾക്ക് വരുമാന വർദ്ധനവിന് ഉതകുന്നതുമായിരിക്കണം ഇക്കോടൂറിസം. ഇതോടൊപ്പം സന്ദർശകർക്ക് പ്രകൃതി പാഠങ്ങൾ പകർന്ന് നൽകുന്നതും, പ്രാദേശിക ജനസമൂഹത്തിന് ഉപജീവന ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നതുമാ-യിരിക്കണം ഇക്കോടൂറിസം എന്നതാണ് കരട് ദേശീയ വന നയം നിർദ്ദേശിക്കുന്നത്.

(സി) ഇതിന്റെ അടിസ്ഥാനത്തിൽ ഇക്കോ ടൂറിസത്തിനായി ഒരു നയം രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

(സി) ഇപ്പോൾ പരിഗണനയിലില്ല.

Vatsala.S.D

സെക്ഷൻ ഓഫീസർ.